## പാഠം 12

## (സമൂഹം)

# അബ്രാം രക്ഷയ്ക്കെത്തുന്നു

*വേദഭാഗം: ഉല്പത്തി 14.* **Patriarchs and Prophets pp. 134 - 136.**

*മനഃപാഠവാക്യം: "നിനക്കുള്ളതിൽ യാതൊന്നും എടുക്കുകയില്ല" (ഉല്പ. 14:23)*

**സന്ദേശം**

**'സ്നേഹം കാരണമാണ് നാം മറ്റുള്ളവരെ സേവിക്കുന്നത്'**

***നിങ്ങൾ പ്രശ്നത്തിലായിരിക്കുമ്പോഴോ ഭയന്നിരിക്കുമ്പോഴോ ആരാണ് നിങ്ങളെ സഹായിക്കുന്നത്? ചില ശത്രുക്കൾ ലോത്തിനെ പിടിച്ചപ്പോൾ അബ്രാം അവനെ സഹായിച്ചു. അത് ഇങ്ങനെയാണ് സംഭവിച്ചത്....***

ഇളങ്കാറ്റ് ആസ്വദിച്ചുകൊണ്ട് അബ്രാം അവന്റെ കൂടാരത്തിന്റെ വാതിൽക്കൽ ഇരുന്നു. പെട്ടെന്ന് അവൻ എഴുന്നേറ്റ് കണ്ണിൽ വെയിലടിക്കാതിരിക്കാൻ കണ്ണിനു മുകളിൽ കൈകൾ വച്ചു. അവന്റെ അടുക്കലേക്ക് ഒരു മനുഷ്യൻ ഓടി വരുന്ന് അവന് കാണാമായിരുന്നു. അബ്രാം അവനെ എതിരേല്ക്കാൻ നടന്നുചെന്നു. “ഓ അബ്രാം,” മനുഷ്യൻ കിതച്ചു. “ഒരു വലിയ യുദ്ധമുണ്ടായി. സോദോമിലെയും മറ്റ് നാല് രാജാക്കന്മാരും അവരുടെ ശത്രുക്കൾക്കെതിരെ യുദ്ധത്തിനു പോയി. ആ മനുഷ്യൻ കൂടുതൽ ദീർഘശ്വാസമെടുത്തു.

അബ്രാം വിഷണ്ണനായി കാണപ്പെട്ടു. അവന്റെ അനന്തിരവൻ ലോത്ത് സോദോമിലാണ് താമസിച്ചിരുന്നത്. “എന്തു സംഭവിച്ചു?” അബ്രാം ചോദിച്ചു. “സോദോമിന്റെ രാജാവും മറ്റ് നാലു പേരും യുദ്ധത്തിൽ പരാജയപ്പെട്ടു. ശത്രു രാജാക്കന്മാർ സോദോമും വേറൊരു പട്ടണവും പിടിച്ചടക്കി. അവർ ഉണ്ടായിരുന്ന സ്വർണ്ണവും ആഹാരവും കൂടാതെ മൃഗങ്ങളെയും മനുഷ്യരെയും കൊണ്ടുപോയി. അവർ നിന്റെ അനന്തിരവൻ ലോത്തിനെയും അവന്റെ കുടുംബത്തെയും കൊണ്ടുപോയി.” “നീ ഇവിടെ വിശ്രമിക്കുക” അബ്രാം പറഞ്ഞു, പിന്നീട് പ്രാർത്ഥിക്കാനായി പോയി. അവനെ നയിക്കുവാൻ അവൻ ദൈവത്തോട് യാചിച്ചു.



ഉടൻതന്നെ, അബ്രാം അവന്റെ പട്ടാളക്കാരെ കൂട്ടിച്ചേർത്ത് അവന്റെ പദ്ധതി അവരോട് പറഞ്ഞു. മൂന്ന് അയൽക്കാരും അവരുടെ ആളുകളും അവരോടൊപ്പം കൂടി. അവർ ശത്രു രാജാക്കന്മാരെ കണ്ടെത്തി അവരെ പിന്തുടരും. എന്നാൽ ശത്രു രാത്രിയിൽ പാളയമടിക്കുന്ന സമയംവരെ അവർ ആക്രമിക്കുവാനായി കാത്തിരിക്കും.

അന്നു രാത്രി അവർ ശത്രുരാജാക്കന്മാരെ അതിശയിപ്പിച്ചു. ഞെട്ടിപ്പോയ ശത്രുരാജാക്കന്മാർ സ്വർണ്ണവും, ആഹാരവും മൃഗങ്ങളും മനുഷ്യരെയും ഉപേക്ഷിച്ച് ഓടിപ്പോയി.

"ഓ അമ്മാവാ" അബ്രാമിനെ കണ്ടപ്പോൾ ലോത്ത് ആശ്ചര്യപ്പെട്ടു. "എനിക്ക് നിന്നെ കണ്ടതിൽ വളരെ സന്തോഷമുണ്ട്!" "നമുക്ക് വീട്ടിൽ പോകാം" അബ്രാം പറഞ്ഞു. അതിനാൽ ജനങ്ങൾ സ്വർണ്ണവും ആഹാരവും മൃഗങ്ങളെയും ശേഖരിച്ച് അബ്രാമിനെ അനുഗമിച്ചു. അബ്രാം യുദ്ധം ജയിച്ചു, കൂടാതെ അതുകൊണ്ടുതന്നെ വേണമെങ്കിൽ അവൻ പിടിച്ചെടുത്തതെല്ലാം അവന് സ്വന്തമാക്കാമായിരുന്നു.

അവർ ലോത്തിന്റെ ഭവനത്തെ സമീപിച്ചപ്പോൾ, രണ്ടു പുരുഷന്മാർ അവരെ എതിരേല്ക്കുവാൻ പുറത്തേക്ക് വന്നു. ശാലേമെന്ന് പേരുള്ള ഒരു പട്ടണത്തിന്റെ രാജാവും കൂടാതെ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കീസേദക്ക്, അബ്രാമിനും അവന്റെ ആളുകൾക്കും ആഹാരം കൊണ്ടുവന്നു. അവൻ അബ്രാമിനെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞു, "അത്യുന്നതനായ ദൈവം നിന്റ ശത്രുക്കളെ നിന്റെ കയ്യിൽ ഏല്പിച്ചു."

"ദൈവമാണ് അവന് വിജയം നേടിക്കൊടുത്തതെന്ന് അബ്രാമിന് അറിയാമായിരുന്നു. അവൻ അത്ര നന്ദിയുള്ളവനായതുകൊണ്ട് അവൻ ദൈവത്തിന്റെ ദശാംശം - ഓരോ മൃഗങ്ങളിലും സ്വർണ്ണത്തിലും പത്തിലൊന്ന് - ദൈവത്തിന്റെ പുരോഹിതനായ മൽക്കീസേദക്കിന് നൽകി.

സോദോം രാജാവായ, അടുത്തയാൾ, അബ്രാമിനോട് പറഞ്ഞു, "ജനങ്ങളെ മാത്രം എനിക്കു വിട്ടുതന്ന് ബാക്കിയുള്ളതെല്ലാം നീ തന്നെ വെച്ചുകൊൾക." അബ്രാം യുദ്ധം ജയിച്ചതുകൊണ്ട് അതെല്ലാം അബ്രാമിന്റേതായിരിക്കണം എന്ന് അവന് അറിയാമായിരുന്നു.

എന്നാൽ അബ്രാമിന് ഒന്നും വേണ്ടിയിരുന്നില്ല. "ഞാൻ യുദ്ധത്തിന് പോയത് ധനികനാകാനല്ല," അവൻ പറഞ്ഞു. "കൂടാതെ ഞാനൊന്നും സ്വീകരിക്കുകയുമില്ല." അവന്റെ ആളുകൾ കഴിച്ച ഭക്ഷണത്തിനും അവനെ സഹായിച്ച 3 അയൽക്കാർക്കുള്ള ഓഹരിയും മാത്രമേ അബ്രാം ചോദിച്ചുള്ളൂ. സ്നേഹത്തിൽനിന്ന് മറ്റുള്ളവരെ സേവിക്കാൻ അബ്രാമിന് സന്തോഷമായിരുന്നു. നമുക്കും സ്നേഹത്തിൽനിന്ന് മറ്റുള്ളവരെ സ്നേഹിക്കും.

## ചെയ്യുക പറയുക

**ശബ്ബത്ത്**

ശബ്ബത്ത്സ്കൂളിലുണ്ടാക്കിയ പുഞ്ചിരിക്കുന്ന മുഖം ആരെയെങ്കിലും കാണിച്ച് അവരോട് അബ്രാമിന്റെ കഥ പറയുവാൻ നിങ്ങളുടെ കുട്ടിയോട് ആവശ്യപ്പെടുക. ആ വ്യക്തിയെ സഹായിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കുക. പ്രതിഫലമായി ഒന്നും പ്രതീക്ഷിക്കാതെയോ സ്വീകരിക്കാതെയോ മറ്റുള്ളവരെ സേവിക്കാൻ നിങ്ങളുടെ കുട്ടിയെ പ്രോത്സാഹിക്കുക. ഒരുമിച്ച് മനഃപാഠവാക്യം ആവർത്തിക്കുക.

**ഞായർ**

ഉല്പത്തി 14:11–24–ൽ നിന്ന് പാഠഭാഗം ഒരുമിച്ച് വായിക്കുക. ചോദിക്കുക: അബ്രാം എന്തിനാണ് യുദ്ധത്തിന് പോയത്? സ്വർണ്ണവും മൃഗങ്ങളും ആർക്ക് സ്വന്തമാകണമായിരുന്നു? അബ്രാം എന്തിനാണ്, മൽക്കിസേദക്കിന് ദശാംശം കൊടുത്തത്? അബ്രാം സ്വന്തമായി എത്രമാത്രം മാറ്റിവച്ചു? അബ്രാം എന്തിനാണ് മറ്റുള്ളവരെ സേവിച്ചത്?

**തിങ്കൾ**

ഒരു പേപ്പർ പ്ലേറ്റ് ഉപയോഗിച്ച് കറുത്ത മാർക്കർ കൊണ്ട് ഒരുവശത്ത് ഒരു പുഞ്ചിരിക്കുന്ന മുഖവും മറുവശത്ത് ഒരു സങ്കടമുള്ള മുഖവും ഉണ്ടാക്കാൻ കുട്ടിയെ സഹായിക്കുക. കഥ ആവർത്തിക്കുക കൂടാതെ ചരിത്ര സംഭവങ്ങൾ വായിക്കുമ്പോൾ അനുയോജ്യമായ മുഖങ്ങൾ കുട്ടി ഉയർത്തിപ്പിടിക്കട്ടെ. ആർക്കായിരുന്നു സങ്കടം? ആരായിരുന്നു സന്തുഷ്ടൻ? നിങ്ങൾ പ്രാർത്ഥിക്കുന്നതിനു മുമ്പ് ഒരു "സന്തോഷ" ഗാനം പാടുക.

**ചൊവ്വ**

ഒന്നും പ്രതിഫലമായി വാങ്ങാതെ ഭവനത്തിലുള്ള മറ്റുള്ളവരെ സഹായിക്കാൻ കുട്ടിക്ക് വഴികൾ ഒരുക്കിക്കൊടുക്കുക. യാതൊരു പ്രതിഫലവും ചോദിക്കാതെ മറ്റുള്ളവർ നിങ്ങളുടെ കുടുംബത്തെ സഹായിക്കുന്ന അവസരങ്ങൾ കണ്ടെത്താൻ കുട്ടിയെ സഹായിക്കുക. മറ്റുള്ളവരെ സഹായിക്കുന്നതിനെക്കുറിച്ച് ഒരു പാട്ട് പാടുക.

**ബുധൻ**

തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ ഒരു കൂട്ടുകാരനോ അയൽവാസിക്കോ എന്തെങ്കിലും പ്രത്യേകമായി ചെയ്യുവാൻ കുട്ടിയെ സഹായിക്കുക. ചെയ്ത് കഴിയുമ്പോൾ ചോദിക്കുക: നാം എന്തിനാണ് മറ്റുള്ളവരെ സേവിക്കുന്നത്? ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെ സേവിക്കുമ്പോൾ നാം ആരെപോലെയാണ്?

**വ്യാഴം**

ദശാംശമായി മാറ്റിവെക്കാൻ കുട്ടിയെ സഹായിക്കുക. നിങ്ങൾ ദശാംശ കവർ തയ്യാറാക്കുന്നത് കാണാനോ സഹായിക്കാനോ കുട്ടിയെ അനുവദിക്കുക. ദശാംശം എന്നത് ദൈവത്തിനുള്ള പത്തിലൊന്നാണെന്ന് വിശദീകരിക്കുക.

**വെള്ളി**

ബൈബിൾ ചരിത്രം അഭിനയിക്കാൻ കുടുംബാംഗങ്ങളെ ഉപയോഗിക്കുക. സഹായത്തിനായി പഞ്ഞിനിറച്ച മൃഗപ്പാവകൾ, നാണയങ്ങൾ മുതലായവ ഉപയോഗിക്കുക. "സഹായിക്കുന്നതായ ഒരു പാട്ടുപാടുക, പിന്നീട് മനുഷ്യരെ കരുതുന്നതിനായി ദൈവത്തിന് നന്ദി പറയുക.